**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389** **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവയുടെ വിലവർദ്ധനവ് കാരണം മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഇത് പരിഹരിക്കാനായി സത്വര നടപടികൾ കൈക്കൊള്ളുമോയെന്നും വ്യക്തമാക്കാമോ; | (എ) | മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ ക്രമാതീതമായ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നല്കി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്ത മായതിനാൽ വെള്ള മണ്ണെണ്ണക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നല്കി മത്സ്യഫെഡിലൂടെ വില്പന നടത്തി വരുന്നുണ്ട്. ഈ ആവശ്യത്തിലേക്കായി നോൺ പ്ലാനായി 2022-23 ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യ ബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ പി.ഡി.എസ്) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമായിട്ടുണ്ട്. ആയത് മത്സ്യ ത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു.<br><br>കൂടാതെ മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മത്സ്യബന്ധനയാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ട്. ഇതിന് മുന്നോടിയായി ആലപ്പുഴ ജില്ലയിൽ 10 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി. കിറ്റ് സ്ഥാപിച്ച് ട്രയൽ റൺ |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുണ്ട്. ആയതിന്റെ വിതരണോദ്ഘാടനം 22.01.2023 ന് നിർവഹിച്ചു. 04.02.2023 വരെയുള്ള പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ടിൽ എൽ.പി.ജി. ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടതായി പറഞ്ഞിട്ടുണ്ട്. ഇന്ധന ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023 ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നകാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | സംസ്ഥാന സർക്കാർ ബജറ്റിൽ ഏർപ്പെടുത്തിയ പെട്രോൾ, ഡീസൽ രണ്ട് രൂപ സെസ്സ് പ്രതിസന്ധി നേരിടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കേരളത്തിൽ ആകെ 43711 മത്സ്യബന്ധന യാനങ്ങളാണ് രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നത്. ഇതിൽ 34047 ഒ.ബി.എം ഘടിപ്പിച്ച പരമ്പരാഗത മത്സ്യബന്ധന യാനങ്ങളാണ് ഉള്ളത്. ഇവയിൽ ഭൂരിഭാഗം യാനങ്ങളിലും മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എഞ്ചിനുകളാണ് ഉള്ളത്. പരമ്പരാഗത മേഖലയിൽ വളരെ കുറച്ചു പെട്രോൾ എഞ്ചിനുകൾ മാത്രമാണ് ഉള്ളത്. അതിനാൽ ഡീസലിനും പെട്രോളിനും സർക്കാർ ഏർപ്പെടുത്തിയ 2 രൂപ സെസ്സ് പരമ്പരാഗത മത്സ്യബന്ധന മേഖലയെ കാര്യമായി ബാധിക്കുന്നില്ല. ഇൻബോർഡ് വള്ളങ്ങളും, ബോട്ടുകളും, ഡീസൽ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവയാണ്. ഇങ്ങനെയുള്ള 6526 യാനങ്ങളാണ് കേരളത്തിൽ ആകെ പ്രവർത്തിച്ചു വരുന്നത്. ഇന്ധന സെസ്സ്, ഇത്തരം യാനങ്ങളുടെ ഇന്ധന ചെലവിൽ ആനുപാതികമായ വർധനക്ക് കാരണമാകും. |

സെക്ഷൻ ഓഫീസർ